**മധുരമായ കുട്ടികളേ - ദേഹിഅഭിമാനിയായിരിക്കുക, ഇതാണ് വലിയ ലക്ഷ്യം, ദേഹി അഭിമാനിയെ മാത്രമേ ഈശ്വരീയ സമ്പ്രദായത്തിലുള്ളവരെന്നു പറയുക. അവർക്ക് ബാബയും പരംധാമവുമല്ലാതെ മറ്റൊന്നിനോടും താൽപര്യമുണ്ടാകില്ല.**

**ചോദ്യം** - ഏതൊരു കാര്യത്തിന്റെ ധാരണയിലൂടെയാണ് ഭാവിയിലെ 21 ജന്മത്തേക്കുള്ള മൂലധനം ശേഖരിക്കുവാൻ സാധിക്കുന്നത്?
**ഉത്തരം** - ശ്രീമത്തനുസരിച്ച് അവനവനിലും മറ്റുള്ളവരിലും ഉപകാരം ചെയ്യുന്നതിലൂടെ. എന്നാൽ ഉപകാരം അവർക്കേ ചെയ്യാൻ സാധിക്കൂ ആരാണോ പൂർണ്ണമായും ദേഹിഅഭിമാനിയായിരിക്കുന്നത്, ആരുടെയാണോ ബുദ്ധി ശുദ്ധം. ദേഹാഭിമാനത്തിലേക്ക് വരുന്നതിലൂടെ അപകാരിയാകുന്നു, ശേഖരിക്കപ്പെട്ട് മൂലധനം ഇല്ലാതാകുന്നു. നഷ്ടം സംഭവിക്കുന്നു. ക്രോധത്തിന്റെ ഭൂതവും അപകാരം ചെയ്യിക്കുന്നു, അതിനാൽ തന്റെ സ്വഭാവം വളരെയധികം മധുരമുള്ളതാക്കി മാറ്റണം.

**ഗീതം** - ആരാണ് ഇന്ന് അതിരാവിലെ വന്നെത്തിയിരിക്കുന്നത്.........

**ഓം ശാന്തി**. പരമാത്മാവായ അച്ഛൻ വന്ന് ജീവാത്മാക്കളുമായി കൂടിക്കാഴ്ച നടത്തുമ്പോൾ ജീവാത്മാക്കൾക്ക് തന്റെ ശരീരത്തെ തന്നെ മറന്നു പോകുന്നു. അവർക്ക് നമ്മൾ ആത്മാക്കളാണെന്നുള്ള നിശ്ചയമുണ്ടാകുന്നു, നമ്മൾ പരമപിതാവായ പരമാത്മാവിന്റെ സന്താനമാണ്. ബാക്കി എന്തെല്ലാമാണോ നമ്മൾ കാണുന്നത്, ദേഹസഹിതം ദേഹത്തിന്റെ സർവ്വസംബന്ധികളെയും ഓർമ്മയുണ്ടാകില്ല. ബാബ വരുന്നതു തന്നെ കുട്ടികളെ തിരികെ കൊണ്ടുപോകാനാണ്. ഇവിടെയെന്താണ് സംഭവിക്കുന്നത് എന്നതിനെക്കുറിച്ച് നിങ്ങൾക്ക് അതിശയമാണ്. ബ്രഹ്മാവിന്റെ അന്ധകാരം നിറഞ്ഞ രാത്രി പൂർത്തിയായി പിന്നീട് പകൽ വരുന്നു. ദേഹസഹിതം ദേഹത്തിന്റെ സംബന്ധങ്ങളെല്ലാം തന്നെ മുറിഞ്ഞുപോകുന്നു. അപ്പോൾ തീർച്ചയായും അതിശയം തന്നെയല്ലേ, എന്താണ് ഇതൊക്കെ സംഭവിക്കുന്നത്! ഈ പഴയലോകം കാണാൻ തന്നെ കഴിയുകയില്ല. ബാബയേയും പരംധാമത്തെയും മാത്രം ഓർമ്മയുണ്ടാകുന്നു. ഇത് അത്ഭുതം തന്നെയല്ലേ. എന്നാൽ പൂർണ്ണമായും ബാബയെ തിരിച്ചറിയാത്തതിനാൽ ബുദ്ധിയോഗം ബാബയുമായി വെക്കാത്തതിനാൽ ദേഹാഭിമാനം പൂർണ്ണമായും ഇല്ലാതാകുന്നില്ല. അങ്ങനെയുള്ളവരെ വാനര സമ്പ്രദായത്തിലുള്ളവരെന്നേ പറയാൻ സാധിക്കൂ. ദേഹിഅഭിമാനിയായാൽ മാത്രമാണ് ഈശ്വരീയ സമ്പ്രദായത്തിലുള്ളവരെന്നു പറയാൻ സാധിക്കൂ. വാനരസമ്പ്രദായത്തിലുള്ളവർക്കാണ് നാരദന്റെ ഉദാഹരണം നൽകിയിരിക്കുന്നത്. നാരദനും ഒരു ഭക്തനായിരുന്നില്ലേ, തംബുരു വായിച്ചിരുന്നു. അങ്ങനെയുള്ളവർക്കാണ് ബാബ തിരിച്ചറിവ് നൽകുന്നത്, നോക്കൂ നിങ്ങൾ വാനരസമ്പ്രദായത്തിലുള്ളവരാണ്. അപ്പോൾ ദേഹിഅഭിമാനിയായിരിക്കുക എന്നത് വളരെ പ്രയാസമാണ്, ഉയർന്ന ലക്ഷ്യമാണ്. പവിത്രമായി ജീവിക്കുന്നവർ ലോകത്തിൽ ധാരാളമുണ്ട്. അങ്ങനെയുള്ള നല്ലതും മോശവുമായ മനുഷ്യരുണ്ട്. സന്യാസിമാർ വീടുപേക്ഷിച്ച് പവിത്രമായി ജീവിക്കുന്നു. ആരാണോ വീടും കുടുംബവുമൊന്നും തന്നെ ഉപേക്ഷിക്കാത്ത ഗൃഹസ്ഥികൾ, അവർ സന്യാസിമാരെ തന്റെ ഗുരുക്കന്മാരാക്കി മാറ്റുന്നു. കലിയുഗി ലോകത്തുള്ള എല്ലാ മനുഷ്യരും നിർദ്ധനരും നാസ്തികരുമാണ്. അല്ലയോ ഭഗവാനേ, അല്ലയോ പരമപിതാ പരമാത്മാവേ എന്ന് പറഞ്ഞ് വിളിക്കുന്നുണ്ട്, എന്നാൽ അത് ആരാണെന്നു മാത്രം അറിയുന്നില്ല. വിളിച്ച്-വിളിച്ച് ക്ഷീണിച്ചുപോകുന്നു. ഈശ്വരൻ സർവ്വവ്യാപിയാണെന്നു പറയുന്നു. ഈശ്വരന്റെ മഹിമ പാടുന്നുണ്ടെങ്കിലും അവർക്ക് അറിയില്ല. ഇതെല്ലാം തന്നെ മനസ്സിലാക്കേണ്ടതായ കാര്യങ്ങളാണ്. ഭഗവാനുവാച, ഗീതയിലും ഭഗവാനുവാച എന്നുണ്ട്, ഇതെല്ലാം തന്നെ ആസുരീയ സമ്പ്രദായത്തിലുള്ളവരാണ്. നിങ്ങൾ വാനരനു സമാനമാണെന്ന് ഭഗവാൻ എന്തുകൊണ്ടാണ് പറഞ്ഞത്? തന്റെ മുഖത്തെ ഒന്ന് കണ്ണാടിയിലേക്കു നോക്കൂ? മനുഷ്യർ ഭഗവാനെ അറിയുന്നില്ല, അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്, അതിനാൽ മനുഷ്യർക്കു തന്നെ ഭഗവാനെ ലഭിക്കണം. എല്ലാവരും അന്വേഷിക്കുന്നുണ്ട് എന്നാൽ ലഭിക്കുന്നില്ല. ഭഗവാൻ വന്നാൽ മാത്രമല്ലേ ഭഗവാന്റെ പരിചയം നൽകുവാൻ സാധിക്കൂ. ഗീതയിൽ ഭഗവാന്റെ പൂർണ്ണ പരിചയമുണ്ട്. ഞാൻ രുദ്രനാണെന്നു പറയുന്നു. രുദ്രനായ ശിവനാണ് ഈ യജ്ഞം രചിച്ചത്. അഥവാ ഈ യജ്ഞം കൃഷ്ണനാണ് രചിച്ചതെങ്കിൽ ഇങ്ങനെ പറയുമായിരുന്നു - കൃഷ്ണനായ ഞാനാണ് നിങ്ങൾക്ക് രാജയോഗം പഠിപ്പിക്കുന്നത്. എന്നാൽ കൃഷ്ണ ജ്ഞാനയജ്ഞം എന്നൊരിക്കലും കേട്ടിട്ടില്ല. ഇതെല്ലാം തന്നെ നിങ്ങൾ കുട്ടികൾക്കു മാത്രമാണ് അറിയുന്നത്, ബാക്കി എല്ലാ മനുഷ്യരും ഇരുമ്പു യുഗത്തിലാണ്. മനുഷ്യരുടെ വായിലൂടെ കല്ലുകൾ മാത്രമാണ് വീഴുന്നത്. അസത്യം മാത്രം പറയുന്നവരെ പ്രതി, ഇവർ തന്റെ മുഖം കറുപ്പിക്കുന്നു എന്ന് പറയാറുണ്ട്. സന്യാസധർമ്മത്തിന്റെ സ്ഥാപനയുണ്ടാകുമ്പോൾ സൃഷ്ടി രജോ ആയിരുന്നു. അപ്പോൾ ഭാരത

ത്തിൽ പവിത്രതയെ നിലനിർത്തുന്നതിനായാണ് ഈ പവിത്ര ധർമ്മത്തിന്റെ സ്ഥാപനയുണ്ടാകുന്നത്. അതിനെ രജോഗുണി സന്യാസമെന്നാണ് പറയുന്നത്. സന്യസിക്കുന്നുണ്ടെങ്കിലും രജോഗുണിയാണ്. അവരെ സതോ പ്രധാനരെന്നു പറയില്ല. എപ്പോഴാണോ ഭാരതം കാമചിതയിൽപ്പെട്ട് വെന്തെരിയാൻ തുടങ്ങുന്നത്, അപ്പോൾ ഡ്രാമയിൽ ഈ സന്യാസത്തിന്റെയും പാർട്ടുണ്ട്. അവരുടെതിനെ സഹജമായ രാജയോഗമെന്നു പറയില്ല. അത് ഭഗവാനല്ലല്ലോ പഠിപ്പിക്കുന്നത്. സന്യാസിമാർക്ക് ഭഗവാനെക്കുറിച്ച് പോലും അറിയില്ല. കൃഷ്ണനെ ദ്വാപരയുഗത്തിലേക്ക് കൊണ്ടുവന്നത്, ഏറ്റവും വലിയ തെറ്റാണ്. ബാബ മറന്നുപോയ മനുഷ്യർക്കാണ് മനസ്സിലാക്കിത്തരുന്നത്. എന്നാൽ മനസ്സിലാക്കി കൊടുക്കുന്നതിൽ വളരെയധികം ശുദ്ധി ആവശ്യമാണ്. നമ്മൾ സന്യാസധർമ്മത്തിനെ നിന്ദിക്കുന്നു എന്നാണ് സന്യാസിമാർ പറയുന്നത്. അവരോട് വന്ന് മനസ്സി ലാക്കുവാൻ പറയണം. നിങ്ങൾ എന്തിനെയാണ് ഈ നിന്ദ എന്നു പറയുന്നതെന്ന് ആദ്യം അവരോട് ചോദിക്കണം. സർവ്വർക്കും പിതാവായ പരമപിതാ പരമാത്മാവ്, ഗീതയുടെ ഭഗവാനാണ് മനസ്സിലാക്കിത്ത രുന്നത്, അല്ലാതെ കൃഷ്ണനല്ല. ഇത് കലിയുഗത്തിന്റെ അവസാനമാണെന്നുള്ളത് പരമപിതാ പരമാത്മാ വാണ് പറയുന്നത്. മനുഷ്യരുടെ ബുദ്ധി ജീർണ്ണിച്ചതും ആസുരീയവുമായിരിക്കുകയാണ്. ഇത് പതിതവും ആസുരീയവുമായ രാജ്യമാണ്. സത്യയുഗത്തിൽ പാവന ദൈവീകരാജ്യമാണ്. അവർ നമ്മൾ തന്നെയാണ് ഈശ്വരൻ എന്നു പറയുന്നു, എന്നാൽ അങ്ങനെയാവില്ലല്ലോ. എല്ലാവർക്കുമുള്ള ഈശ്വരൻ ഒന്നു തന്നെ യാണ്. ആ ആളെത്തന്നെയാണ് എല്ലാവരും ഓർമ്മിക്കുന്നതും. ഇതെല്ലാം തന്നെ മനസ്സിലാക്കേണ്ടതായ കാര്യങ്ങളാണ്. മനസ്സിലാക്കണമെങ്കിൽ വന്ന് മനസ്സിലാക്കൂ. എന്നാൽ മനസ്സിലാക്കികൊടുക്കുന്നവരും വളരെ വ്യക്തമായി പറഞ്ഞുകൊടുക്കണം. ക്രോധത്തിന്റെ ഭൂതമുള്ളവർക്ക് എന്ത് മനസ്സിലാക്കി കൊടു ക്കാൻ സാധിക്കും? ക്രോധത്തിന്റെ ഭൂതം, മോഹത്തിന്റെ ഭൂതം, ലോഭത്തിന്റെ ഭൂതം...... അങ്ങനെ ചെറുതും വലുതുമായ ധാരാളം ഭൂതങ്ങളുണ്ട്. ഇതെല്ലാം തന്നെ മോശമായ സ്വഭാവങ്ങളാണ്. നല്ല-നല്ല കുട്ടികളെ ക്കൊണ്ട് പോലും മായ എന്തെങ്കിലുമൊക്കെ മോശമായത് ചെയ്യിപ്പിക്കുന്നു. ഇതെല്ലാം ദേഹാഭിമാനത്തിന്റെ ചെകുത്താനാണ്. ദേഹാഭിമാനം വന്നു എങ്കിൽ പിന്നീട് അവർ കുരങ്ങന് സമാനമാണ്, അവർക്ക് പിന്നെ ക്ഷേത്രത്തിലിരിക്കുവാൻ യോഗ്യതയില്ല.

നിങ്ങൾക്കറിയാം ക്ഷേത്രത്തിലിരിക്കുവാൻ യോഗ്യരായവർ ദേവതകളാണ്. അവർക്ക് വേണ്ടിയാണ് ക്ഷേത്ര ങ്ങൾ പണിതിരിക്കുന്നത്. സത്യയുഗത്തിലാണെങ്കിൽ മുഴുവൻ ലോകവും ശിവാലയമാണ്. അപ്പോൾ എല്ലാ വരും ക്ഷേത്രത്തിൽ തന്നെയാണ് വസിക്കുന്നത്. മുഴുവൻ സൃഷ്ടി തന്നെ പവിത്ര ക്ഷേത്രമായിത്തീരു ന്നു. വിശ്വ ശിവാലയമായിത്തീരുന്നു, ഇതിൽ രാജാ-റാണിയെപ്പോലെ പ്രജകളും പവിത്രമായി ജീവിക്കു ന്നു. അപ്പോൾ ആർക്കാണെങ്കിലും വളരെയധികം യുക്തിപൂർവ്വം മനസ്സിലാക്കി കൊടുക്കണം. എലി കടി ക്കുന്നതോടൊപ്പം തന്നെ ഊതുകയും ചെയ്യുന്നു. ഒരു എലിയ്ക്കു പോലും എത്ര വിവേകമാണ്. ഏതെ ങ്കിലും സന്യാസിമാർ വരികയാണെങ്കിൽ ആദ്യം യുക്തിയോടെ അവരുടെ മഹിമ പാടണം. വരൂ സന്യാ സിജി, താങ്കൾ സന്യാസം സ്വീകരിച്ചതും, വീടുപേക്ഷിച്ചതുമെല്ലാം എത്ര നല്ല കാര്യങ്ങളാണ്. എന്നാൽ രണ്ടു പ്രകാരത്തിലുള്ള സന്യാസമുണ്ടെന്നുള്ളത് നിങ്ങൾക്കറിയാമല്ലോ. ഒന്ന് വീട് ഉപേക്ഷിക്കുന്നതിന്റെ സന്യാസം, രണ്ടാമതായി വീടും കുടുംബവുമൊന്നും തന്നെ ഉപേക്ഷിക്കാത്ത സന്യാസം. ഗൃഹസ്ഥത്തി ലിരുന്നുകൊണ്ടും രാജയോഗം പഠിച്ച് സ്വർഗ്ഗത്തിന്റെ അധികാരിയായിത്തീരുക. ഇങ്ങനെ എപ്പോഴെങ്കിലും കേട്ടിട്ടുണ്ടോ? അപ്പോൾ ഈ കാര്യങ്ങളൊന്നും തന്നെ മറ്റൊരു ശാസ്ത്രത്തിലുമില്ലെന്നു പറയും. ഗീത യിൽ കൃഷ്ണന്റെ പേര് വെച്ച് ദ്വാപരയുഗത്തിലേക്ക് കൊണ്ടു വന്നു, പിന്നെങ്ങനെ മനസ്സിലാക്കും? പിന്നെ ചിത്രങ്ങൾ വെച്ചും മനസ്സിലാക്കിക്കൊടുക്കണം. നിങ്ങളുടെത് വീടുപേക്ഷിക്കേണ്ടതല്ലേ, എല്ലാവരും ഉപേ ക്ഷിക്കില്ലല്ലോ. അത് പ്രവൃത്തിമാർഗ്ഗമാണ്, നിങ്ങൾ കുടുംബത്തിലിരുന്നുകൊണ്ടും പഞ്ചവികാരങ്ങളെയും സന്യസിക്കുന്നില്ല, എന്നാൽ ഞങ്ങൾ അത് ചെയ്യുന്നുണ്ട്. ഞങ്ങൾക്കതിന് പരമപിതാവായ പരമാത്മാ വിന്റെ സഹായം ലഭിക്കുന്നുണ്ട്. ഇങ്ങനെ ഗൃഹസ്ഥത്തിലിരുന്നുകൊണ്ടും പഞ്ച വികാരങ്ങളെ സന്യസി ക്കുന്നതിലൂടെ ഞങ്ങൾ സ്വർഗ്ഗത്തിന്റെ അധികാരികളായിത്തീരുന്നു. സത്യയുഗത്തിലുള്ള ദേവി-ദേവത കൾ പവിത്രമായിരുന്നു, എന്നാൽ ഇപ്പോഴില്ല. കലിയുഗത്തിനുശേഷം വീണ്ടും സത്യയുഗം വരണം. ബാബ തന്നെയാണ് വന്ന് സത്യയുഗം സ്ഥാപിക്കേണ്ടത്. പ്രവൃത്തിയിലിരുന്നുകൊണ്ടും കമലപുഷ്പത്തിനു സമാനം പവിത്രമായി ജീവിക്കണം. തീയും പഞ്ഞിയും ഒരുമിച്ചിരിക്കുകയില്ലെന്നു നിങ്ങൾ പറയുന്നു. എന്നാൽ ഇവിടെ ഞങ്ങൾ അങ്ങനെയാണ് ജീവിക്കുന്നത്. നിങ്ങളുടെ പക്കൽ പ്രാപ്തിയുടെ ലക്ഷ്യമൊന്നുമില്ലല്ലോ. പരിധിയില്ലാത്ത അച്ഛൻ എപ്പോഴാണോ വരുന്നത്, അപ്പോൾ പഴയ സൃഷ്ടിയുടെ വിനാശവും പുതിയ സൃഷ്ടിയുടെ സ്ഥാപനയും ഉണ്ടാകും. ഈ ജ്ഞാനം നമുക്കു ലഭിക്കുന്നതു തന്നെ പുതിയ ലോക ത്തേക്കു വേണ്ടിയാണ്. ബാബ പറയുന്നു, ദേഹസഹിതം എന്തെല്ലാം സംബന്ധികളുണ്ടോ എല്ലാവരെയും മറന്ന്, സ്വയത്തെ ദേഹി ആണെന്നു മനസ്സിലാക്കി എന്നെ മാത്രം ഓർമ്മിക്കൂ. നമ്മുടെ ഈ രാജയോഗം സതോപ്രധാനമാണ്. ഇപ്പോൾ ഈ ലോകം തമോപ്രധാനമാണ്, പിന്നീട് തമോപ്രധാന അവസ്ഥയിൽ നിന്നും

സതോപ്രധാന സൃഷ്ടി തീർച്ചയായും ഉണ്ടാകണം. സതോപ്രധാനമാക്കി മാറ്റുന്നത് രചയിതാവായ അച്ഛൻ തന്നെയാണ്. നമ്മൾ പരിധിയില്ലാത്ത അച്ഛനിൽ നിന്നാണ് ഇത് പഠിച്ചുകൊണ്ടിരിക്കുന്നത്. കൃഷ്ണനിൽ നിന്നല്ല. ഭഗവാൻ ഒന്നു മാത്രമാണ്. ബ്രഹ്മാ-വിഷ്ണു-ശങ്കരനെപ്പോലും ദേവത എന്നാണ് പറയുന്നത്. അതിനു താഴെയുള്ള തട്ടിലുള്ളവരെ മനുഷ്യർ എന്നു പറയുന്നു. ഭഗവാൻ വസിക്കുന്നത് പരമധാമത്തിലാണ്. നമ്മൾ ആത്മാക്കളും പരംധാമത്തിൽ തന്നെയാണ് വസിക്കുന്നത്. ഇങ്ങനെ വളരെ വ്യക്തമായി മനസ്സിലാക്കികൊടുക്കണം. എന്നാൽ യോഗം പൂർണ്ണമായും ഇല്ലാത്തതിനാൽ ധാരണയില്ല. ബാബ എന്താണോ മനസ്സിലാക്കിത്തരുന്നത്, ആർക്കും തന്നെ അത് ഓർമ്മയുണ്ടാകില്ല. പല കുട്ടികളും ഓർമ്മിക്കുന്നുണ്ടെന്ന് പറയുന്നുണ്ടെങ്കിലും ബാബ അത് അംഗീകരിക്കില്ല. അഥവാ നിങ്ങൾ ഓർമ്മിക്കുന്നുണ്ടെങ്കിൽ ബുദ്ധി ശുദ്ധമായിരിക്കും, ധാരണ നല്ലതായിരിക്കും. സ്വയം ധാരണയുണ്ടെങ്കിൽ, ധാരണ ചെയ്യിക്കുകയും വേണം. മറ്റുള്ളവർക്ക് ഉപകാരം ചെയ്യണം. നിങ്ങൾക്കറിയാമല്ലോ ബാബ വന്ന് സർവ്വരുടെയും ഉപകാരമാണ് ചെയ്യുന്നത്. മായാ രാവണൻ എല്ലാവരുടെയും അപകാരം ചെയ്യുന്നു. ബാബ വന്ന് ഈയൊരു തവണ മാത്രം നമ്മുടെ ഉപകാരം ചെയ്യുന്നതിലൂടെ 21 ജന്മത്തേക്കാണ് നമ്മുടെ ഉപകാരം ഉണ്ടാകുന്നത്. ഉപകാരമെന്നു പറയാം, കൃപ, ആശീർവ്വാദം എന്തു വേണമെങ്കിലും പറയാം. ദ്വാപരയുഗത്തിൽ അകൃപ ആരംഭിക്കുന്നു. രാവണൻ വന്ന് അപകാരം ചെയ്യുന്നു. ശ്രീമതത്തിലൂടെ മാത്രമാണ് നിങ്ങൾക്ക് മറ്റുള്ളവരോട് കൃപ കാണിക്കാൻ സാധിക്കൂ. പിന്നീട് ദേഹാഭിമാനിയാകുന്നു എങ്കിൽ അപകാരം ചെയ്യാനും ആരംഭിക്കുന്നു. ഉപകാരം ചെയ്യുന്നതിലൂടെ ഭാവിയിലെ 21 ജന്മത്തേക്കുള്ള സമ്പത്താണ് ശേഖരിക്കുന്നത്. അപകാരം ചെയ്യുന്നതിലൂടെ എന്താണോ ശേഖരിച്ചിട്ടുള്ളത് അതു മുഴുവനും നശിച്ചു പോകുന്നു. അതിനാൽ ഉപകാരം ചെയ്യാൻ അറിയുമെങ്കിൽ തീർച്ചയായും അത് ചെയ്യണം. ഉപകാരം ചെയ്യാൻ അറിയുന്നില്ലെങ്കിൽ തീർച്ചയായും ആസുരീയ മതപ്രകാരം അപകാരം മാത്രമാണ് ചെയ്യുന്നത്. മനുഷ്യർ ഓരോരുത്തരും പരസ്പരം മറ്റുള്ളവരുടെ മേൽ അപകാരം മാത്രമേ ചെയ്യുന്നുള്ളൂ. കാമവികാരമാണ് പ്രയോഗിക്കുന്നത്. ബാബയെ മറന്നു, ഉപകാരം ചെയ്യാൻ മറന്നു എങ്കിൽ തീർച്ചയായും അപകാരം മാത്രമേ ചെയ്യൂ. സെക്കന്റിൽ ഉപകാരവും സെക്കന്റിൽ അപകാരവുമുണ്ടാകുന്നു. നല്ല-നല്ല കുട്ടികൾ എത്ര ഉപകാരികളായവരുണ്ട്, മറ്റുള്ളവർക്ക് ഉപകാരം ചെയ്യുന്ന പഠിപ്പ് അവർക്കറിയാം. അവനവനിലും മറ്റുള്ളവരിലും ഉപകാരം ചെയ്തിരുന്നു. പിന്നീട് അവർ തന്നെ മായയുടെ ചക്രത്തിൽപ്പെട്ട് ഓടിപ്പോയി, അപകാരികളായി മാറി. എത്ര അപകാരമാണ് ചെയ്യുന്നത്. മറ്റുള്ളവർ മനസ്സിലാക്കുന്നു, ഇവർ എന്തായാലും വെറുതെ പോകില്ലല്ലോ, എന്തെങ്കിലുമൊക്കെ ഇതിനു പിന്നിലുണ്ടാകുമെന്നു വിചാരിക്കുന്നു. അപ്പോൾ പിന്നെ നമുക്കെങ്ങനെ പോകാൻ സാധിക്കും. അങ്ങനെ തലകീഴായ രീതിയിൽ പുലമ്പുന്നവരുണ്ട്. അതായത് ആരാണോ ഉപകാരം ചെയ്ത് സമ്പാദ്യം ശേഖരിച്ചത് അവർ വീണ്ടും അപകാരം ചെയ്ത് തന്റെ സമ്പാദ്യത്തിന്റെ ശേഖരണത്തെ മണ്ണോടുമണ്ണാക്കി മാറ്റി. അങ്ങനെ ധാരാളം സംഭവിച്ചിട്ടുണ്ട്, ഇനിയും സംഭവിച്ചു കൊണ്ടിരിക്കും. നോക്കൂ, ആരാണോ ഉപകാരം ചെയ്തത് അവർ തന്നെ ദേഹാഭിമാനത്തിലേക്ക് വന്ന് അപകാരിയായിമാറി. മനുഷ്യർ പരസ്പരം അപകാരം തന്നെയാണ് ചെയ്തു വരുന്നത്. ശ്രീമതം ലഭിക്കാത്തിടത്തോളം കാലം ആർക്കും തന്നെ ഉപകാരം ചെയ്യാൻ സാധിക്കില്ല. നിങ്ങളെക്കൊണ്ട് അപകാരം ചെയ്യിക്കുന്നത് രാവണന്റെ മതമാണ്. ഇടയ്ക്ക് ശ്രീമതം പാലിക്കും, ഇടയ്ക്ക് രാവണന്റെ മതവും പാലിക്കുന്നുണ്ട്. ക്രോധത്തിന്റെ ഭൂതം വന്നു എങ്കിൽ തീർച്ചയായും അപകാരം സംഭവിക്കുന്നു. ഇതിലൂടെ ബാബയിലാണ് അപകാരം ചെയ്തതിന്റെ കളങ്കം ചാർത്തിയത്. ബാബയെയാണ് നിന്ദിച്ചത്. ബാബയും എന്തു പറയാനാണ്! ഈശ്വരീയ സന്താനങ്ങൾ ഇങ്ങനെയുമുണ്ടാകുമോ! അവർക്ക് പിന്നീട് ഭഗവാന്റെ ഹൃദയത്തിൽ സ്ഥാനം ലഭിക്കില്ല. ചിലരുടെ ഭൂതം ഇല്ലാതായി എങ്കിൽ ബാബ അവരെക്കുറിച്ചുള്ള മഹിമയും പാടുന്നു. ക്രോധം വളരെ മോശമാണ്. അതിനാലാണ് ബാബ എപ്പോഴും പറയുന്നത്, മധുരമായ പെരുമാറ്റമുള്ളവരായി മാറൂ. അജ്ഞാനികളാണ് ക്രോധത്തോടെ പെരുമാറുക. ബാബ മനസ്സിലാക്കിത്തരുന്നു, മമത്വത്തെ തീർത്തും ഉപേക്ഷിക്കണം. മമത്വം പതുക്ക-പതുക്കെ ഉപേക്ഷിച്ച്, എപ്പോഴാണോ അന്തിമ സമയമാകുന്നത് അപ്പോൾ സമ്പൂർണ്ണമായിത്തീരും. ഇത് മത്സരമല്ലേ. മമ്മാ-ബാബയാണ് ആദ്യം എത്തിച്ചേരുക എന്നത് കുട്ടികൾക്കറിയാം. അപ്പോൾ അവരുടെ മതപ്രകാരം നടന്ന് അവരെ അനുകരിക്കണം. ധാരണ ചെയ്യണം. അച്ഛനമ്മമാരുടെ ഹൃദയസിംഹാസനത്തിൽ സ്ഥാനം ലഭിക്കുകയാണെങ്കിൽ, വിശ്വസിംഹാസനവും ലഭിക്കുന്നു. സ്വയം തന്നോട് ചോദിക്കണം, നമ്മൾ ലക്ഷ്മിയെ വരിക്കാൻ അതായത് മാതാപിതാവിന്റെ സിംഹാസനത്തിലിരിക്കുവാൻ യോഗ്യനാണോ. അഥവാ നമ്മുടെ ഉള്ളിൽ ക്രോധമുണ്ടെങ്കിൽ ഒരിക്കലും സിംഹാസനത്തിൽ സ്ഥാനം ലഭിക്കില്ല. ഭാവിയിലെ മഹാരാജാ-മഹാറാണിയാകുവാനും സാധിക്കില്ല. ഓരോ ചുവടും ശ്രീമതം പാലിക്കണം. അഥവാ ഇവിടെ ട്രേറ്റർ(കുലദ്രോഹി) ആകുന്നു എങ്കിൽ അവിടെ ചണ്ഡാളന്റെ പദവിയെ ലഭിക്കൂ. കല്പം മുമ്പത്തേതു പോലെത്തന്നെ ബാബ ദിവസേന എല്ലാ കാര്യങ്ങളും കേൾപ്പിച്ചു തരുന്നുണ്ട്. ഇതിൽ ലേശം പോലും വ്യത്യാസമുണ്ടാകില്ല. ജ്ഞാനത്തിന്റെ ലഹരി എത്രമാത്രം ഉണ്ടായിരിക്കണം. എന്നാൽ സേവനം ചെയ്യുന്ന കുട്ടികളിൽ മാത്രമാണ് ലഹരിയുണ്ടാകുന്നത്, ആര് ഏതു പ്രകാ

രത്തിലുള്ള സേവനമാണോ ചെയ്യുന്നത്, അതുപ്രകാരത്തിലുള്ള ഫലം ലഭിക്കുന്നു. നമ്പർവൺ സേവനമാണ് ജ്ഞാനം നൽകുക എന്നത്. അതിലൂടെ വളരെയധികം പേർക്ക് സുഖം നൽകി അവരെ ചക്രവർത്തിയാക്കി മാറ്റണം. മറ്റുള്ളവരെ ആക്കിമാറ്റാനുള്ള സേവനത്തിന്റെ യുക്തികൾ ധാരാളം പറഞ്ഞു തന്നിട്ടുണ്ട്. എവിടെയാണെങ്കിലും സേവനം ചെയ്യാൻ സാധിക്കും. സേവനം ചെയ്താലും നൂറിൽ ഒരാൾ മാത്രമാണ് ഉണരുക. ഇതെല്ലാം പ്രയത്നത്തിന്റെ കാര്യമാണ്.
ഈ രീതിയിൽ ഓരോ രാത്രിയിലും ബാബയുടെ വിചാര സാഗരമഥനം നടക്കുന്നു. അനേക പ്രകാരത്തിലുള്ള വിചാരങ്ങൾ നടക്കുന്നു. എത്ര വിഘ്നങ്ങൾ സംഭവിക്കുന്നു. മുഴുവൻ വിശ്വത്തെയുമാണ് പവിത്രമായ സ്വർഗ്ഗമാക്കി മാറ്റേണ്ടത്. അതിനായി ധാരാളം ചിന്തനങ്ങൾ നടക്കുന്നു. ഇങ്ങനെയുള്ള ചിന്തനങ്ങളിലൂടെ രാത്രിയിൽ നിന്നും പകലാകുന്നതു തന്നെ അറിയില്ല. അതുകൊണ്ടാണ് മഹിമ പാടുന്നത് – ഉറക്കത്തെ ജയിക്കുന്നവരേ..... ബാബയ്ക്ക് ചില സമയത്ത് ഉറക്കം തന്നെ വരാറില്ല. കുട്ടികളെ വിശ്വത്തിന്റെ അധികാരിയാക്കണം, അപ്പോൾ എത്ര ചിന്തയുണ്ടായിരിക്കണം. നിങ്ങൾ കുട്ടികൾക്കും അത്രയും ചിന്ത ഉണ്ടായിരിക്കണം, നമ്മൾ എത്രത്തോളം ശ്രീമതം പാലിക്കുന്നുണ്ട്. ബാപ്ദാദയോടൊപ്പം നമ്മൾ കുട്ടികളും തോളോടുതോൾ ചേരണം. മുഴുവൻ ലോകത്തോടും വിടപറയണം. ശരി.

വളരെക്കാലത്തെ വേർപാടിന് ശേഷം തിരികെ കിട്ടിയ മധുരമധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യമായ സാരം –

1. ഒരിക്കലും രാവണന്റെ മതപ്രകാരം നടന്ന് ദേഹാഭിമാനത്തിലേക്ക് വന്ന് ബാബയുടെ അപകാരം ചെയ്യരുത്, ബാബയെ നിന്ദിക്കരുത്. ശ്രീമതമനുസരിച്ച് സർവ്വരുടെയും ഉപകാരം ചെയ്യണം.

2. ക്രോധത്തിന്റെ ഭൂതത്തെ പ്രവേശിക്കുവാൻ അനുവദിക്കരുത്. വളരെ മധുര സ്വഭാവമുള്ളവരായി മാറണം. യുക്തിപൂർവ്വം സേവനം ചെയ്യണം.

## വരദാനം – സമ്പർക്കത്തിൽ വരുന്ന ആത്മാക്കൾക്ക് സദാ സുഖത്തിന്റെ അനുഭൂതി ചെയ്യിക്കുന്ന മാസ്റ്റർ സുഖദാതാവായി ഭവിക്കട്ടെ.

താങ്കൾ സുഖദാതാവിന്റെ മക്കൾ മാസ്റ്റർ സുഖദാതാവാണ് അതിനാൽ സുഖത്തിന്റെ കണക്ക് ശേഖരിച്ചുകൊണ്ടേപോകൂ. വെറുതെ ഇതു മാത്രം പരിശോധിക്കരുത്, ഇന്ന് മുഴുവൻ ദിവസത്തിൽ ആർക്കും ദു:ഖം നൽകിയില്ലല്ലോ? ആര് തന്നെ സമ്പർക്കത്തിൽ വരട്ടെ താങ്കൾ മാസ്റ്റർ സുഖദാതാവിലൂടെ ഓരോ ചുവടിലും സുഖത്തിന്റെ അനുഭൂതി ചെയ്യട്ടെ, ഇതിനെയാണ് പറയുന്നത് ദിവ്യത അഥവാ അലൗകികത. ഓരോ സമയവും സ്മൃതിയുണ്ടാകട്ടെ ഈ ജന്മം കൊണ്ട് 21 ജന്മങ്ങളുടെ കണക്ക് ശേഖരിക്കണം.

## സ്ലോഗൻ – ഒരു ബാബയെ ലോകമാക്കിക്കോളൂ എങ്കിൽ അവിനാശി പ്രാപ്തികൾ ഉണ്ടായിക്കൊണ്ടിരിക്കും